5 തദ്ദേശ സ്വയംഭരണ വകുപ്പ് ഗവൺമെന്റ് സെക്രട്ടറി അല്ലെങ്കിൽ അതതു സംഗതിപോലെ ബന്ധപ്പെട്ട പ്രിൻസിപ്പൽ സെക്രട്ടറിമാരോ അല്ലെങ്കിൽ സെക്രട്ടറിമാർ നാമനിർദ്ദേശം ചെയ്യുന്ന അതതു വകുപ്പിലെ ഡെപ്യൂട്ടി സെക്രട്ടറിമാരുടെ റാങ്കിൽ താഴെയല്ലാതെയുള്ള ഉദ്യോഗസ്ഥരോ ആണ് എക്സ് ഒഫീഷ്യോ അംഗങ്ങൾ. സർക്കാർ നാമനിർദ്ദേശം ചെയ്യപ്പെട്ട അഞ്ച് പേരിൽ ഒരംഗം ഒരു ലൈബ്രേറിയൻ, ഒരംഗം പട്ടികജാതിയിലോ പട്ടിക വർഗ്ഗത്തിലോപെട്ടയാൾ, ഒരംഗം വനിതയുമായിരിക്കണം.

(ബി) ഇല്ല.

(സി) കേരള പബ്ലിക് ലൈബ്രറീസ് (കേരള ഗ്രന്ഥശാലാ സംഘം) ആക്ട്, 1989 ഖണ്ഡിക 3 (5)-ൽ, അനുശാസിച്ചിരിക്കുന്ന പ്രകാരം തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾക്ക് മാത്രമാണ് വോട്ടവകാശമുള്ളത്.

(ഡി) മൂന്ന് വർഷം.

(ഇ) 1998-ലെ കേരള പബ്ലിക് ലൈബ്രറി (കേരള ഗ്രന്ഥശാലാ സംഘം) ഭേദഗതി ആക്ടിലെ ഖണ്ഡിക-12 അനുസരിച്ച്.

(എഫ്) ഓരോ ഡിസ്ട്രിക്റ്റ് കൗൺസിലും ഏത് ജില്ലയ്ക്ക് വേണ്ടിയാണോ രൂപീകരിച്ചിട്ടുള്ളത് ആ ജില്ലയാണ് ജില്ലാ ലൈബ്രറി കൗൺസിലിന്റെ പ്രവർത്തന മേഖല. കേരള പബ്ലിക് ലൈബ്രറി ആക്ട് ഖണ്ഡിക 17 (ഡിസ്ട്രിക്റ്റ് ലൈബ്രറി കൗൺസിലുകളുടെ അധികാരങ്ങളും ചുമതലകളും)-ന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ജി) ലൈബ്രറി സെസ്, സർക്കാർ ഗ്രാന്റ് എന്നീ ഇനങ്ങളിൽ കഴിഞ്ഞ മൂന്ന് വർഷത്തെ വരവ് ചുവടെ ചേർക്കുന്നു.

വർഷം	*ലൈബ്രറി സെസ്*	*സർക്കാർ ഗ്രാന്റ്*
2001-2002	1,53,96,110.25	5,30,00,000
2002-2003	2,15,07,913.50	6,58,00,000
2003-2004	4,11,09,938.30	6,42,20,000

സംസ്ഥാന ലൈബ്രറി കൗൺസിലിന്റെ നിയന്ത്രണത്തിലുള്ള ജീവനക്കാർ

403 [2467] ശ്രീ. വർക്കല കഹാർ:

,, ജി. പ്രതാപവർമ്മ തമ്പാൻ:

,, പി. ടി. തോമസ്:

,, പ്രയാർ ഗോപാലകൃഷ്ണൻ:

,, എ. പി. അനിൽകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

---

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാന ലൈബ്രറി കൗൺസിലിന്റെ നിയന്ത്രണത്തിൽ എത്ര ജീവനക്കാരുണ്ട് എന്ന് അറിയിക്കാമോ;

(ബി) കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ എത്രപേരെ സംസ്ഥാന ലൈബ്രറി കൗൺസിൽ പുതുതായി നിയമിച്ചിട്ടുണ്ട്. എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ നിയന്ത്രണത്തിൽ ഉള്ള ലോക്കൽ ലൈബ്രറി അതോറിറ്റികളിലേതുൾപ്പെടെ 106 സ്ഥിരം ജീവനക്കാരുണ്ട്. കൂടാതെ 3 പേർ ഡെപ്യൂട്ടേഷൻ അടിസ്ഥാനത്തിലും ജോലി ചെയ്യുന്നുണ്ട്.

(ബി) കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ 13 ജീവനക്കാരെ പുതുതായി നിയമിച്ചിട്ടുണ്ട്. ഇതിൽ നാല് ജീവനക്കാർ കൗൺസിലിൽ നിന്നും റിലീവ് ചെയ്ത് പോയിട്ടുണ്ട്.

ലൈബ്രറി കൗൺസിൽ നിയമനങ്ങൾ പി. എസ്. സി. മുഖേനയാക്കാൻ നടപടി

404 [2468] ശ്രീ. സി. മമ്മൂട്ടി:

,, വി. കെ. ഇബ്രാഹിംകുഞ്ഞ്:

,, കെ. എൻ. എ. ഖാദർ:

,, ടി. പി. എം. സാഹിർ:

,, ഇ. ടി. മുഹമ്മദ് ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈബ്രറി കൗൺസിലിലെ നിയമനങ്ങൾ പി. എസ്. സി. മുഖേന യാണോ നടത്തുന്നത്;

(ബി) ഇല്ലെങ്കിൽ പി. എസ്. സി. വഴി നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) പി. എസ്. സി. മുഖേന നിയമനം നടത്താൻ തയ്യാറല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഡി) കൗൺസിലിന്റെ കീഴിൽ നിലവിൽ എത്ര തസ്തികകളിൽ ഒഴിവുണ്ടെന്നും അവ ഏതെല്ലാമെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) അല്ല.

(ബി ആന്റ് സി) നിയമനം സംബന്ധിച്ച പൂർണ്ണ അധികാരം കേരള പബ്ലിക് ലൈബ്രറീസ് (കേരള ഗ്രന്ഥശാലാ സംഘം) 1991 റൂൾസ് പ്രകാരം കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിനാണ്.

LIBRARY ARCHIVES Kerala Legislative Assembly